**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 36** **13-10-2026-ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ തടയാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. കെ. ബിനിമോൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലും സഹകരണ സ്ഥാപനങ്ങളിലും ക്രമക്കേടുകൾ തടയാൻ എന്ത് നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

**മറുപടി:**

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലും സഹകരണ സ്ഥാപനങ്ങളിലും ക്രമക്കേടുകൾ തടയുന്നതിന് ചുവടെ പറയുന്ന മാർഗങ്ങൾ സ്വീകരിച്ചു വരുന്നു:

1. 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 65 അന്വേഷണം :

സഹകരണ സംഘങ്ങളിലെ പരിശോധനകളിൽ ഏതെങ്കിലും തരത്തി ലുള്ള ധനാപഹരണം, ധനദുർവിനിയോഗം, ഭരണ നിർവ്വഹണത്തിലെ കെടുകാര്യസ്ഥത, സഹകരണ നിയമം, ചട്ടം, സംഘം നിയമാവലി എന്നിവ പാലിക്കാതെയുള്ള പ്രവർത്തനങ്ങൾ, സഹകരണ ആഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്/അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട്/ സ്പെഷ്യൽ റിപ്പോർട്ടിന്മേൽ, സംഘം കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ അല്ലെങ്കിൽ ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്നിൽ കുറയാത്തതോ അല്ലെങ്കിൽ പൊതുയോഗ ക്വോറത്തിനാവശ്യമായ എണ്ണം അംഗങ്ങളോ ഏതാണോ കുറവ് അവരുടെ അപേക്ഷയിന്മേൽ, ധനസഹായ ബാങ്കിന്റെ അപേക്ഷയിന്മേൽ, അഫിലിയേറ്റ് ചെയ്ത സംഘം ഭരണസമിതിയുടെ അപേക്ഷയിന്മേൽ രജിസ്ട്രാർ വകുപ്പ് 65 പ്രകാരം അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഭരണപരമായ അഴിമതികളോ സാമ്പത്തിക തകർച്ചയോ കണ്ടെത്തിയാൽ വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടാനുള്ള നടപടികൾ സ്വീകരിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിന് 48 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2. 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 66 പരിശോധന :

ഒരു സംഘത്തിന്റെ കണക്കുപുസ്തകങ്ങൾ, രേഖകൾ, പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ചുള്ള പ്രത്യേക പരിശോധനയാണിത്. രജിസ്ട്രാർക്ക് സ്വമേധയായോ, അല്ലെങ്കിൽ നിക്ഷേപകരുടെയോ, അംഗങ്ങളുടെയോ പരാതിയുടെ അടിസ്ഥാനത്തിലോ വകുപ്പ് 66(2) പരിശോധന നടത്താവുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വകുപ്പ് 66 പ്രകാരമുള്ള പരിശോധനയ്ക്കായി 41 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി പരിശോധന കളിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

3. 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 68(1), 68(2):

വകുപ്പ് 63 ഓഡിറ്റ്, വകുപ്പ് 65, വകുപ്പ് 66 പരിശോധന എന്നിവയിൽ ഏതെങ്കിലും ഒന്നിലൂടെ സംഘത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ ഈ വകുപ്പുകൾ പ്രകാരം സംഘത്തിന് നഷ്ടം വരുത്തിയ വ്യക്തികൾ, ജീവനക്കാർ, ഭരണ സമിതി അംഗങ്ങൾ എന്നിവരിൽ നിന്നും പലിശ സഹിതം തിരിച്ചു പിടിക്കാവുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വകുപ്പുതല പരിശോധനക ളുടെയും അന്വേഷണങ്ങളുടെയും പുരോഗതികൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ മുന്നോടിയായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനനുബന്ധമായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരുടെ നേതൃത്വത്തിലുള്ള സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 68(എ ):

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെയും ജോയിന്റ് രജിസ്ട്രാർമാർ മുഖാന്തിരവും അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സഹകരണ വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സഹകരണ വിജിലൻസിന്റെ മൂന്ന് മേഖലാ ആഫീസുകൾക്കും ഈ സർക്കാറിന്റെ കാലത്ത് പുതിയ വാഹനം അനുവദിച്ചിട്ടുള്ളതാണ്. വകുപ്പ് 68 B പ്രകാരം ഗവൺമെന്റിനോ സഹകരണ സംഘം രജിസ്ട്രാർക്കോ ക്രമക്കേട് നടന്ന സംഘങ്ങളിൽ അന്വേഷണം നടത്തുന്നതിന് പോലീസിനോ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കോ കൈമാറാവുന്നതാണെന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളതാണ്. പ്രാഥമിക അന്വേഷണത്തിൽ ക്രമക്കേടുകൾ നടന്നവെന്ന് കണ്ടെത്തിയ 251 സംഘങ്ങളിൽ കൂടി അന്വേഷണം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ നിലവിൽ സ്വീകരിച്ച് വരുന്നു.

സാമ്പത്തിക ക്രമക്കേടുകൾ മൂലം നിക്ഷേപം തിരികെ നൽകാൻ കഴിയാത്ത സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താത്പര്യം സംരക്ഷിക്കുന്നതിനു BUDS Act പ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**(ബി) നിക്ഷേപകരുടെ പണം സുരക്ഷിതമാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;**

**മറുപടി:**

നിക്ഷേപകരുടെ പണം സുരക്ഷിതമാക്കാനായി സഹകരണ വകുപ്പ് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. വിശ്വാസ് പദ്ധതി:

സഹകരണ സംഘങ്ങളിൽ നിക്ഷേപം മടക്കിനൽകാനാകാത്ത അവസ്ഥയ്ക്ക് പരിഹാരമായും നിക്ഷേപകരുടെ താത്പര്യം സംരക്ഷിക്കുന്നതിനുമായും സഹകരണ മേഖലയുടെ വിശ്വാസ്യത വീണ്ടെടുക്കുന്നതിനുമായി "വിശ്വാസ്" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സർക്കാരിന്റെ നൂറ് ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിക്ഷേപം തിരികെ നൽകാൻ കഴിയാത്ത സഹകരണ സംഘങ്ങളുടെ വിവര ശേഖരണം നൂറ് ദിന കർമപരിപാടിയിലെ വിശ്വാസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ ഭാഗമായുള്ള പ്രാഥമിക കണക്കെടുപ്പിൽ കണ്ടെത്തിയ 449 സംഘങ്ങൾ പ്രത്യേകമായി പരിശോധിക്കുകയും, അതിൽ ബോധപൂർവ്വം പണാപഹരണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ വരുത്തിയവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരികയാണ്.

2. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018

അംഗങ്ങൾ സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ഗ്യാരന്റി നൽകുക വഴി നിക്ഷേപകർക്ക് ആത്മവിശ്വാസം വളർത്താനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനുമായി രൂപീകരിച്ച പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018. ഗ്യാരന്റീഡ് നിക്ഷേപങ്ങളുടെ മേലുള്ള ക്ലെയിമുകൾ തീർപ്പാക്കുന്നതിനായി ഫണ്ട് ഉപയോഗിക്കാം. നിലവിലുള്ള വ്യവസ്ഥ പ്രകാരം ഓരോ സഹകരണ സംഘവും പദ്ധതി നിലവിൽ വരുന്നതോ അല്ലെങ്കിൽ സംഘം പദ്ധതിയിൽ ചേരുന്നതോ ആയ വർഷങ്ങളിൽ (ഏതാണോ പിന്നീട് വരുന്നത്) ആ വർഷത്തിന്റെ തുടക്കത്തിൽ ബാക്കിനിൽപ്പുള്ള നിക്ഷേപ തുകയുടെ വാർഷിക നിരക്കായ 0.10 ശതമാനവും തുടർന്നുള്ള വർഷങ്ങളിൽ നിക്ഷേപ വർദ്ധനവിന്റെ 0.12 ശതമാനവും ആണ് ഫണ്ടിലേക്ക് പ്രീമിയമായി അടയ്ക്കേണ്ടത്. കേരള സംസ്ഥാന സഹകരണ നിയമം, 1969 പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും, സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും

സെറ്റിൽമെന്റ് ഓഫ് ക്ലെയിം ആയി നൽകുന്നു. ഗ്യാരന്റീഡ് സംഘത്തിലെ നിക്ഷേപകന് നൽകുന്ന ക്ലെയിം തുകയുടെ പരിധി, നിക്ഷേപകൻ വിഹിതം അടയ്ക്കുന്ന പക്ഷം, പരമാവധി 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധി കാരണം നിക്ഷേപം മടക്കിനൽകാൻ സാധിക്കാത്ത സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 ൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി (ഭേദഗതി) പദ്ധതി 2024 രൂപീകരിച്ചിട്ടുള്ളതാണ്. അംഗ സംഘങ്ങൾ അടയ്ക്കുന്ന സംഭാവനകൾക്ക് പുറമെ, സർക്കാർ സഹായവും ഈ ഫണ്ടിലേക്ക് ലഭ്യമാക്കാവുന്നതാണ്.

ലിക്വിഡേഷനിലുള്ള സംഘങ്ങൾക്ക് പുറമേ ലിക്വിഡേഷനിലല്ലാത്ത സംഘങ്ങളിലെ നിക്ഷേപകർക്കുകൂടി നിക്ഷേപം തിരികെ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് നിക്ഷേപ ഗ്യാരന്റി സ്കീം ഭേദഗതി ചെയ്യുന്നതിനുള്ള പ്രോപ്പോസൽ "വിശ്വാസ്" പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണനയിലാണ്. നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിലവിൽ വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ ചേരാതെ മാറിനിൽക്കുന്ന സംഘങ്ങളെ പൂർണ്ണമായും നിക്ഷേപഗ്യാരന്റി പദ്ധതിയുടെ ഭാഗമാക്കി പദ്ധതി വിപുലീകരിക്കുന്നത് സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം സ്വീകരിക്കുന്ന 7686 സംഘങ്ങളിൽ 4414 സംഘങ്ങൾ നിക്ഷേപ ഗ്യാരന്റി സ്കീമിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതിൽ 4007 സംഘങ്ങൾ സ്കീമിൽ അംഗത്വമെടുത്തിട്ടുണ്ട്. അംഗത്വമെടുക്കാത്ത ഉദ്ദേശം മൂവായിരത്തോളം സംഘങ്ങളെ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേർക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചുവരുന്നു. ടി സംഘങ്ങൾ കൂടി അംഗത്വം എടുക്കുന്നതോടെ നിക്ഷേപ ഗ്യാരന്റി ഫണ്ടിലെ തുക ഗണ്യമായി വർദ്ധിക്കുന്നതാണ്. മുൻ വർഷങ്ങളിൽ അംഗത്വം എടുത്തതും എന്നാൽ അംഗത്വം പുതുക്കാത്തതുമായ സംഘങ്ങൾക്ക് പിഴപലിശ ഒടുക്കാതെ അംഗത്വം പുതുക്കുന്നതിനുള്ള സമയപരിധി 2026 ഡിസംബർ 31 വരെ നീട്ടിനൽകിയിട്ടുണ്ട്. കൂടാതെ 2025-26 വർഷം അംഗത്വം പുതുക്കേണ്ട സംഘങ്ങൾക്ക് അംഗത്വം പുതുക്കുന്നതിനുള്ള സമയപരിധി 2026 ഒക്ടോബർ 31 വരെയും നീട്ടിനൽകിയിട്ടുണ്ട്. സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേരാതെ മാറിനിൽക്കുന്ന സംഘങ്ങളെ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ചേരുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നിക്ഷേപ ഗ്യാരന്റി ഉറപ്പാക്കിയിട്ടുള്ള സംഘങ്ങളുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2026-27 സാമ്പത്തിക വർഷത്തേക്കുള്ള സഹകരണവകുപ്പിന്റെ ബഡ്ജറ്റിൽ കേരളം സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ടിലേയ്ക്ക് സർക്കാർ വിഹിതമായി സബ്സിഡി ഇനത്തിൽ 1000.00 ലക്ഷം രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**(സി)** സഹകരണ മേഖലയിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്താൻ പ്രത്യേക നിരീക്ഷണ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** വകുപ്പുതല പരിശോധനകളുടെയും അന്വേഷണങ്ങളുടെയും പുരോഗതികൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ മുന്നോടിയായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനനുബന്ധമായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരുടെ നേതൃത്വത്തിലുള്ള സെല്ലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** സഹകരണ മേഖലയിലെ പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ പ്രത്യേക പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സഹകരണ മേഖലയിലെ പരാതികൾ സമയബന്ധിതമായി ചുവടെ പറയും പ്രകാരം പരിഹരിച്ചുവരുന്നു:

1. സഹകരണ വിജിലൻസ് മുഖേന :

സഹകരണ വിജിലൻസ് ഓഫീസറായി എസ്.പി റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് നിലവിൽ നിയമിച്ചിട്ടുള്ളത്. തിരുവനന്തപുരം ആസ്ഥാനമായി സഹകരണ വിജിലൻസ് ആസ്ഥാന കാര്യാലയവും, ഡി.വൈ.എസ്.പി മാരുടെ നിയന്ത്രണത്തിൽ ആലപ്പുഴ ആസ്ഥാനമായി ദക്ഷിണ മേഖലാ കാര്യാലയവും, തൃശ്ശൂർ ആസ്ഥാനമായി മധ്യമേഖലാ കാര്യാലയവും, കണ്ണൂർ ആസ്ഥാനമായി ഉത്തര മേഖലാ കാര്യാലയവും എന്നിങ്ങനെ 3 മേഖലാ ആഫീസുകളും പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ ആരോപിക്കപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് സഹകരണ വിജിലൻസിനെ ചുമതലപ്പെടുത്തി വരുന്നതും സഹകരണ വിജിലൻസിൽ നിന്ന് ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടുകളിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സഹകരണ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. സഹകരണ വിജിലൻസിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് സഹകരണ വിജിലൻസിന്റെ മൂന്ന് മേഖലാ ആഫീസുകൾക്കും പുതിയ വാഹനം അനുവദിച്ചിട്ടുള്ളതാണ്

2. ഇൻസ്പെക്ഷൻ സെൽ മുഖേന:

സഹകരണ സംഘത്തിനെതിരെയും, വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെയും ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ രണ്ടു ഇൻസ്പക്ഷൻ സെല്ലുകൾ പ്രവർത്തിച്ചു വരുന്നു.

3. ആഭ്യന്തര വിജിലൻസ് സെൽ മുഖേന:

ഇന്റേണൽ വിജിലൻസ് ആഫീസറായി അഡീഷണൽ രജിസ്ട്രാർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സർക്കാർ നിയമിച്ചിട്ടുള്ളതാണ്. ടി ഉദ്യോഗസ്ഥന്റെ കീഴിൽ ഒരു ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്) ഉം രണ്ടു ഇൻസ്പെക്ടർമാരും പ്രവർത്തിച്ചു വരുന്നു. ടി ഉദ്യോഗസ്ഥർ സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരായ പരാതികളിന്മേൽ അന്വേഷണം നടത്തി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു.

4. ജോയിന്റ് രജിസ്ട്രാർമാർ മുഖേന:

ജില്ലാ താലൂക്ക് തലങ്ങളിൽ ലഭ്യമാകുന്ന പരാതികളിന്മേൽ ജില്ലാ ജോയിന്റ് രജിസ്ട്രാർ തലത്തിൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു .

**സെക്ഷൻ ഓഫീസർ**